# പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | സ്വഭാവ സർട്ടിഫിക്കറ്റ്. | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടെ ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| 2. | റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്തുന്നതിനും പുതിയ കാർഡിന് അപേക്ഷിക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ്, ബന്ധപ്പെട്ട റേഷൻ കാർഡ്, എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| 3. | തൊഴിൽരഹിതനാണെന്ന സർട്ടിഫിക്കറ്റ് . | വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ കുറിപ്പോടുകൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| 4. | പേരിലൊ, വീട്ടുപേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ അഭിപ്രായ കുറിപ്പ്, ബന്ധപ്പെട്ട രേഖകൾ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| 5 | ലൈഫ് സർട്ടിഫിക്കറ്റ്. | പെൻഷനർ നേരിട്ടോ അടുത്തുള്ള ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പേമെന്റ് ഓർഡർ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| 6. | രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ വിവാഹിതനാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| 7. | രജിസ്റ്റർചെയ്യാത്ത കേസിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| 8. | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പിൻതുടർച്ചാവകാശം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ പ്രസിഡന്റിനു സമർപ്പിക്കണം. | തൽസമയം | ഇല്ല |
| 9. | സ്റ്റേറ്റ്മെന്റുകളും പ്രസ്താവനകളും ബോധ്യപ്പെടുത്തൽ. | ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് സമീപിച്ച് പ്രസിഡന്റിന്റെ മുമ്പാകെ ഒപ്പിടുക. | തൽസമയം | ഇല്ല |
| 10. | ഒപ്പും, പകർപ്പും സാക്ഷ്യപ്പെടുത്തൽ. | ഒപ്പിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ മുമ്പിൽ ഒപ്പിടുകയും പകർപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് അസ്സൽ ഹാജരാക്കുകയും ചെയ്യുക. | തൽസമയം | ഇല്ല |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങ ളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 11. | ഭവന നിർമ്മാണ ബോർഡിലും മറ്റും ഹാജരാക്കുന്നതിന് സബ്സിഡിക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. | റേഷൻകാർഡ് സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ട് സമീപിക്കുക. | തൽസമയം | ഇല്ല |
| 12. | വിവിധ ക്ഷേമ നിധി ബോർഡുകളിൽ ഹാജരാക്കുന്നതിന് കുടുംബ ബന്ധം സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ്. | വിവാഹ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ സമീപിക്കുക. | തൽസമയം | ഇല്ല |
| | | **സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റുകൾ** | | |
| 1. | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസിലെഴുതിയ അപേക്ഷ, 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കണം. വീട്ടു നമ്പറും വാർഡു നമ്പറും അപേക്ഷയിൽ കാണിച്ചിരിക്കണം. അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിടം ഉണ്ടായിരിക്കണം. നികുതി കുടിശ്ശിക ഉണ്ടെങ്കിൽ അടച്ച് തീർത്തിരിക്കണം. എന്താവശ്യത്തിനാണ് സർട്ടിഫിക്കറ്റ് എന്ന് വ്യക്തമാക്കണം. തനത് വർഷത്തെ വസ്തു നികുതി അടച്ചവർക്ക് സർട്ടിഫിക്കറ്റ് tax.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. | 2പവർത്തി ദിവസം | ഇല്ല |
| 2. | താമസക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക.വീട്ടു നമ്പറും വാർഡു നമ്പറും അപേക്ഷയിൽ കാണിച്ചിരിക്കണം.സ്വന്തം വീട്ടിലല്ല താമസമെങ്കിൽ വാടകകരാർ/ഉടമസ്ഥന്റെ സമ്മത പത്രം ഇവയേതെങ്കിലും ഹാജരാക്കണം. നികുതി കുടിശ്ശികയുണ്ടെങ്കിൽ അടച്ച് തീർക്കണം. | 3 പ്രവർത്തി ദിവസം | ഇല്ല |
| 3. | പാസ്പോർട്ട് ഓഫീസിൽ സമർപ്പിക്കാനുള്ള താമസ സർട്ടിഫിക്കറ്റ്, വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള താമസ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക.താമസക്കാരനാണെന്ന് തെളിയിക്കുന്നതിന് റേഷൻകാർഡ്, ഫോട്ടോപതിച്ച ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, മറ്റ് രേഖകൾ ഏതെങ്കിലും ഒന്ന് വെക്കുക. സ്വന്തം വീട്ടിലല്ല താമസമെങ്കിൽ വാടക കരാർ വേണം. നികുതി കുടിശ്ശികയുണ്ടെങ്കിൽ അടച്ച് തീർക്കണം. | 5 ദിവസം | ഇല്ല |
| 4. | വാസയോഗ്യമായ വീടില്ലാ എന്ന് കാണി ക്കുന്ന സർട്ടിഫിക്കറ്റ്. | അപേക്ഷകന്റെയും, കുടുംബത്തിന്റെയും പേരും വീട്ടുപേരും രേഖപ്പെടുത്തി വെള്ളക്കടലാസിലെഴുതിയ അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. എവിടെ സമർപ്പിക്കാനാണെന്ന് വ്യക്തമാക്കണം. | 5 ദിവസം | ഇല്ല |
| 5. | കെട്ടിട ഉടമസ്ഥാവകാശം മാറ്റൽ. | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അസ്സൽ ആധാരം, ആധാര ത്തിന്റെ പകർപ്പ്, നികുതി അടച്ച രസീതിന്റെ കോപ്പി, കൈവശ സർട്ടിഫിക്കറ്റ്,വസ്തുകൈവശക്കാരൻ മരണപ്പെട്ടെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. | 45 ദിവസം | കൈമാറ്റം സംബന്ധിച്ച നിശ്ചിത സമയത്തിനകം രേഖകൾഹാജരാക്കാത്തപക്ഷം 500 രൂപ പിഴ. |
| 6. | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ്. | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് നികുതി അടച്ച രസീത് സഹിതം ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക.. വീട്ടു നമ്പറും, വാർഡു നമ്പറും അപേക്ഷയിൽ കാണിച്ചിരിക്കണം. | | |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങ ളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാ കുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| . | | (മുൻപ് നിലവിലുണ്ടായിരുന്നതും, ഇപ്പോൾ നിലവിലുള്ളതും) കെട്ടിട നികുതി തൻ വർഷം വരെയുള്ളത് അടച്ച് തീർക്കണം. കെട്ടിട നിർമ്മാണത്തിന് ലഭിച്ച അനുവാദ പത്രിക, നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി, നികുതി ചുമത്തിയ തിയ്യതി, സാക്ഷ്യപത്രം എന്താവശ്യത്തിനാണെന്ന വിവരം മുതലായവ കാണിച്ചിരിക്കണം. | 5 ദിവസം | ഇല്ല |
| 7. | പുതിയ കെട്ടിട നമ്പർ. | പെർമിറ്റ് ലഭിച്ച കെട്ടിടമാണെങ്കിൽ പെർമിറ്റിന്റെ പകർപ്പും, കംപ്ലീഷൻ പ്ലാനും സർട്ടിഫിക്കറ്റും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച് അപേക്ഷിക്കണം. അപേക്ഷയിൽ തൊട്ടടുത്ത വീട്ടുനമ്പർ രേഖപ്പെടുത്തിയിരിക്കണം. KPBR നിയമപ്രകാരം മുൻകൂർ അറിയിപ്പ് നൽകിയ കെട്ടിടങ്ങൾക്ക് പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷം നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷനൽകണം. അറിയിപ്പ് നൽകിയ തിയ്യതിയും ഫയൽ നമ്പറും കാണിച്ചിരിക്കണം. പെർമിറ്റ് എടുക്കാത്ത കെട്ടിടങ്ങളുടെ സംഗതി യിൽ റഗുലൈസേഷൻ ഓർഡറിന്റെ പകർപ്പ്, കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് | 15 ദിവസം | വസ്തു നികുതി ചട്ട പ്രകാരം നിർണ്ണയിക്കുന്ന കെട്ടിട നികുതി അടക്കണം |
| 8. | കെട്ടിട നികുതി ഒഴിവാക്കൽ. | 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ കെട്ടിട നികുതി തൻ വർഷം വരെയുള്ളത് അടച്ച്തീർക്കണം. നികുതി ഒഴിവാക്കുന്ന തിനുള്ള കാരണവും, കെട്ടിട നമ്പറും അപേക്ഷയിൽ വ്യക്തമാക്കണം. | 45 ദിവസം | ഇല്ല |
| 9. | ചുമത്തിയ കെട്ടിട നികുതിയിൻ മേലുള്ള അപ്പീൽ. | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ ചുമത്തിയ നികുതി അധികമാണെന്ന് പറയുന്നതിനുള്ള കാരണം കാണിച്ച് ചുമത്തിയ നികുതി ഒടുക്കി രസീതിന്റെ പകർപ്പ് സഹിതം അപേക്ഷിക്കണം. | 45 ദിവസം | ഇല്ല |
| 10. | കെട്ടിടനികുതി അസസ്മെന്റ് രജിസ്റ്ററിന്റെ നേർ പകർപ്പ്. | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, ആവശ്യമായ ഫീസ് അടച്ച് അപേക്ഷിക്കുക. കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിന്റെ ആവശ്യമായ പേജിലെ കെട്ടിട നമ്പറും വാർഡ് നമ്പറും എന്താവശ്യത്തിനാണ് അപേക്ഷിക്കുന്നത് എന്ന് കാണിക്കണം. | 7 ദിവസം | നിശ്ചിത നിരക്കിൽ |
| 11. | ഒഴിഞ്ഞുകിടക്കുന്ന കെട്ടിഹ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നതിന് | വെള്ളകടലാസിൽ തയ്യാറാക്കിയ അപേക്ഷ (5 രൂപ കോർട്ട്ഫീസ് സ്റ്റാമ്പ് സഹിതം) ഓരോ അർദ്ധ വർഷത്തേക്കും പ്രത്യേകം അപേക്ഷ നൽകണം. | 45 ദിവസം | ഇല്ല |
| 12. | കെട്ടിടം/മതിൽ/കിണർ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള പെർമിറ്റുകൾ / റഗുലറൈസേഷൻ ഉപയോഗത്തിനുള്ള അപേക്ഷ. | നിശ്ചിത ഫോറത്തിൽ 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച പൂരിപ്പിച്ച അപേക്ഷ (സങ്കേതം ഓൺലൈൻ വഴിയും) സ്ഥലത്തിന്റെ തരം കാണിച്ചുകൊണ്ടുള്ള കൈവശ സർട്ടിഫിക്കറ്റ് ഭൂനികുതി രശീതിന്റെ കോപ്പി, ആധാരത്തിന്റെ പകർപ്പ്, അംഗീകൃത എഞ്ചിനീയർ / സൂപ്പർവൈസർ വരച്ച് നിർമ്മാണ പ്രവൃത്തിയുടെ പ്ലാൻ, (സൈറ്റ് പ്ലാൻ സർവ്വീസ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ എന്നിവയുടെ സെറ്റ് | 15 ദിവസം | KPBR പ്രകാരമുള്ള ഫീ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| | | FAR, കവറേജ് സെക്ഷൻ എന്നിവ പ്ലാനിൽ വ്യക്തമായി കാണിക്കണം. LBS ന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം. വസ്തുവിന്റെ അസ്സൽ ആധാരം, ഭൂ നികുതി രശീതി എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണം. | | |
| 13 | പെർമിറ്റ് കൈമാറ്റം ചെയ്യൽ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, കൈവശ സർട്ടിഫിക്കറ്റ്,അനുവദിച്ച അസ്സൽ പെർമിറ്റും, പ്ലാനും, പെർമിറ്റ് കൈമാറ്റം ചെയ്യുന്നയാളിന്റെ സമ്മത പത്രവും ഹാജരാക്കണം. | 15 ദിവസം | 25 രൂപ |
| 14 | പെർമിറ്റ് കാലാവധി നീട്ടൽ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ അനുവദിച്ച പ്ലാനും പെർമിറ്റും സഹിതം പെർമിറ്റ് കാലാവധി തീരുന്നതിനു മുമ്പ് അപേക്ഷിക്കണം. വസ്തുവിന്റെ കൈവശ സർട്ടിഫിക്കറ്റും, ഉടമസ്ഥാവകാശംതെളിയിക്കുന്നതിന് ഹാജരാക്കണം. | 15 ദിവസം | നിലവിലുള്ള പെർമിറ്റ്ഫീസിന്റെ 10% തുക |
| 15 | പെർമിറ്റ് പുതുക്കൽ | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ അനുവദിച്ച പ്ലാനും പെർമിറ്റും സഹിതം പെർമിറ്റ് കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കണം. കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണം. | 15 ദിവസം | നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 50% തുക |
| 16 | പെർമിറ്റ് പുതുക്കൽ (മതിൽ/കിണർ) | 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ, അനുവദിച്ച പ്ലാനും പെർമിറ്റും സഹിതം പെർമിറ്റ് കാലാവധിക്കുള്ളിൽ അപേക്ഷിക്കണം. കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണം. | 15 ദിവസം | നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 50% തുക |
| 17 | വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് സ്ഥാപനത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്റേഷൻ സർട്ടിഫിക്കറ്റ് സഹിതം പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കണം. സ്ഥാപനം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് അപേക്ഷ സമർപ്പിക്കണം. അപേക്ഷകർ കെട്ടിട ഉടമ അല്ലെങ്കിൽ യഥാർത്ഥ കെട്ടിട ഉടമയിൽ നിന്ന് 200 രൂപ മുദ്രപത്രത്തിൽ വാടക കരാർ ഹാജരാക്കുക. ലൈസൻസ് പുതുക്കുന്നതിന് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 1 മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം അപേക്ഷ നൽകണം. | 30 ദിവസം | നിശ്ചിത നിരക്കിൽ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 18 | വ്യാവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ/ സ്ഥാപനത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖ,സ്ഥലത്തിന്റേയും കെട്ടിടത്തിന്റേയും ബന്ധപ്പെട്ട സർക്കാർ വകുപ്പകളുടെ അനുമതി പത്രം (4 കോപ്പികൾ) സഹിതം ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. യന്ത്രമോ യന്ത്രസാമഗ്രിയോ സംബന്ധിച്ച് പഞ്ചായത്ത് ആവശ്യപ്പെടുന്ന വിവരങ്ങൾ. | 30 ദിവസം | 200 രൂപ |
| 19. | സ്വകാര്യ ആശുപത്രിക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ. | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് സ്ഥാപനം നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസം മുമ്പ് അപേക്ഷ നൽകണം. | 30 ദിവസം | 200 രൂപ |
| 20. | ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് (KPR 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും, അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫ്ക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ (കെട്ടിടം വാടകക്കാണെങ്കിൽ ഉടമസ്ഥതയുടെ സമ്മതപത്രം സ്ഥലത്തിന്റെ രേഖ ഒറിജിനലും, പകർപ്പും) പുരയുടെ / കെട്ടിടത്തിന്റെ പ്ലാനും മറ്റ് അനുബന്ധ പ്ലാനുകളും, മറ്റ് സ്ഥലങ്ങളിൽ നിന്നും ലഭിക്കേണ്ട നിരാക്ഷേപപത്രങ്ങൾ, (ഉദാ: പൊലൂഷൻ കൺട്രൂൾ ബോർഡ്, ആരോഗ്യ വകുപ്പ്, വൈദ്യുതി വകുപ്പ്, ഫയർ ഫോഴ്സ്, ഫാക്ടറി ഇൻസ്പെക്ടർ, മൈനിംഗ് & ജിയോളജി, വനംവകുപ്പ് , എക്സ് പ്ലോസീവ് ലൈസൻസ് തുടങ്ങിയവ) കുതിരശക്തിയോ നിർമ്മാണ യന്ത്രമോ, സാമഗ്രീയോ സംബന്ധിച്ച് പഞ്ചായത്ത് ആവശ്യപ്പെടുന്ന വിവരങ്ങൾ | ചട്ടങ്ങൾ പ്രകാരം | നിശ്ചിത നിരക്കിൽ |
| 21 | പന്നി, പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ്. | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയിൽ പ്രായം, നിറം എന്നിവ കാണിച്ചിരിക്കണം. പ്രതിരോധ കുത്തിവെപ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. | ചട്ടങ്ങൾ പ്രകാരം. | നിശ്ചിത നിരക്കിൽ |
| 22 | സ്വകാര്യ ആശുപത്രിക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുമുള്ള രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് സ്ഥാപനം നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. | 30 ദിവസം | 50 രൂപ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 23. | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ. | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച്, കെട്ടിടത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസങ്ങൾക്ക് മുമ്പ് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. | 15 ദിവസം | 200 രൂപ |
| 24. | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ. | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച്, സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. (കെട്ടിടത്തിന്റ ഉടമസ്ഥത തെളിയിക്കുന്ന രേഖ സഹിതം) | 7 ദിവസം | 50 രൂപ |
| 25. | റിക്കാർഡുകളുടേയും രജിസ്റ്ററുകളുടെയും പകർപ്പ് | 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച്, വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, ആവശ്യപ്പെടുന്ന രേഖയുടെ കഴിയുന്നത്ര ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുക. | 7 ദിവസം | നിശ്ചിത നിരക്കിൽ |
| 26 | ജനനം രജിസ്ട്രേഷൻ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | വീട്ടിൽ വെച്ച് നടന്ന ജനനമാണെങ്കിൽ ഗൃഹനാഥനും, ആശുപത്രിയിൽ വെച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാ ണെങ്കിൽ സ്ഥാപന ഉടമയും പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. | ജനനം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യമായി 7 ദിവസത്തിനുള്ളിലും കിയോസ്ക് സൗകര്യമുള്ള ആശുപത്രിയിൽ ജനിച്ചെങ്കിൽ അന്നേ ദിവസവും സർട്ടിഫിക്കറ്റ് ലഭിക്കും. മതിയായ കാരണമുണ്ടെങ്കിൽ 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം. | ജനന തിയ്യതി മുതൽ 21 ദിവസം വരെ സൗജന്യം. അതിന് ശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 27 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ. (ജനനം രജിസ്റ്റർ ചെയ്യുമ്പോൾ പേര് ചേർത്തി ട്ടില്ലായെങ്കിൽ മാത്രം) (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ മാതാപിതാക്കൾ സംയുക്തമായി അപേക്ഷിക്കണം. | 6 വയസ്സ് കഴിഞ്ഞാൽ കുട്ടിയുടെ ജനന ക്രമം തെളിയിക്കുന്ന മാതാപിതാക്കളുടെ സത്യപ്രസ്താവന, സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവഹാജരാക്കണം. മാതാവിന്റേയും, പിതാവിന്റേയും ഐഡന്റിറ്റി കാർഡുകളുടെപകർപ്പും ഹാജരാക്കണം. അനുമതി ലഭിക്കേണ്ട അപേക്ഷകളിൽ 7 പ്രവർത്തി ദിവസം ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം. | ഒരു വർഷം വരെ സൗജന്യം. തുടർന്ന് 5 രൂപ ലേറ്റ് ഫീ |
| 28 | മരണം രജിസ്ട്രേഷൻ (1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | വീട്ടിൽ വെച്ച് നടന്ന മരണമാണെങ്കിൽ ഗൃഹനാഥനും, ആശുപത്രിയിൽ വെച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന ഉടമയും പഞ്ചായത്തിൽ നിന്നും സൗജന്യമായിലഭിക്കുന്ന നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. വീട്ടിലും സ്ഥാപനങ്ങളിലും വെച്ചുള്ള മരണം അന്വേഷണ റിപ്പോർട്ട് ലഭിച്ച് 7 ദിവസത്തിനകം | മരണം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് ലഭിക്കും. മതിയായ കാരണമുണ്ടെങ്കിൽ 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം. ആശുപത്രിയിൽ വെച്ചുനടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന ദിവസം. | മരണ തിയ്യതി മുതൽ 21 ദിവസം വരെ സൗജന്യം. അതിന് ശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ |
| 29 | ജനന, മരണം താമസിച്ച് രജിസ്റ്റർ ചെയ്യൽ. (1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ/വെള്ളക്കടലാസിൽ ജനനം/മരണം നടന്ന ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. ജനന-മരണ റിപ്പോർട്ട് നിർദ്ദിഷ്ട ഫോറത്തിൽ നൽകണം. ജനന-മരണ തിയ്യതി മുതൽ 30 ദിവസം കഴിഞ്ഞ് 1 വർഷം വരെ ജില്ലാ രജിസ്ട്രാർക്കും ഒരു വർഷം കഴിഞ്ഞ് റവന്യു ഡിവിഷണൽ ഓഫീസർക്കും സംഭവം വൈകി രജിസ്റ്റർ ചെയ്യുവാനുള്ള കാരണം കാണിക്കുന്ന അപേക്ഷ, ഗസറ്റഡ് ഓഫീസർ/നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നിവയും ഹാജരാക്കണം. | അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം | 30 ദിവസം മുതൽ ഒരു വർഷം വരെ 5 രൂപ. ഒരുവർഷത്തിന് മുകളിൽ 10 രൂപ. |
| 30 | ജനന-മരണ സർട്ടിഫിക്കറ്റ് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം. അപേക്ഷകന്റെ പേരിൽ വാങ്ങിയ 10 രൂപയിൽ കുറയാത്തതുകക്കുള്ള മുദ്ര പത്രം ഹാജരാക്കണം. | 1. 7 പ്രവർത്തി ദിവസത്തിനകം<br>2. 12-ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റ് അന്നേ ദിവസം | തെരച്ചിൽ ഫീസ് 1 വർഷത്തേക്ക് 2 രൂപ, പകർപ്പ് ഫീസ് 5 രൂപ. |
| 31 | നോൺ അവയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് (ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ) 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്. | 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് ജനനം-മരണം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. | ജനനം-മരണം നടന്ന സമയത്തെ താമസ സ്ഥലം, ജനനം-മരണം നടന്ന സ്ഥലം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കണം. അല്ലാത്ത അപേക്ഷയിൽ പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നത് പരിഗണിക്കുകയുള്ളു. | ഫീസ് 1 വർഷത്തേക്ക് 2രൂപ. സർട്ടിഫിക്കറ്റ് 2 രൂപ. |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 32 | വിവാഹ രജിസ്ട്രേഷൻ (1995-ലെ ഹിന്ദുമാരേജ് ആക്ട് പ്രകാരം.) | നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട് വിവാഹിതരായി എന്നുള്ളതിനുള്ള തെളിവ് സഹിതം (നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യ പത്രം മുതലായവ), പ്രായം തെളിയിക്കുന്ന രേഖ. വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചാ യത്തിൽ വിവാഹം നടന്ന് 15 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. മതിയായ കാരണങ്ങളുണ്ടെങ്കിൽ 30 ദിവസംവരെ രജിസ്റ്റർ ചെയ്യാം. 2 സാക്ഷികൾ വേണം. വധുവിന്റെ, വരന്റെ ആദ്യ വിവാഹ മല്ലെങ്കിൽ മുൻ വിവാഹം ഒഴിവായ തിന്റെ / വേർപിരിഞ്ഞ തിന്റെ നിയമപ രമായ രേഖ കൾ ഹാജരാക്കണം. | 15 പ്രവർത്തി ദിവസം | ഇല്ല |
| 33 | വിവാഹം താമസിച്ച് രജിസ്റ്റർ ചെയ്യൽ. 30 ദിവസത്തിന് ശേഷമുള്ളവ (1995-ലെ ഹിന്ദു മാരേജ് ആക്ട് പ്രകാരം.) | അക്ഷയകേന്ദ്രത്തിൽ ഓൺലൈനായി ചെയ്ത നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട് വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ലോക്കൽ രജിസ്ട്രാർക്കും, ജില്ലാ രജിസ്ട്രാർ ക്കുമുള്ള അപേക്ഷ, വിവാഹിതരായി എന്നുള്ളതിനുള്ള തെളിവ് (വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ) പ്രായം തെളിയിക്കുന്ന രേഖ. വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. 2 സാക്ഷികൾ വേണം. വധുവിന്റെ, വരന്റെ ആദ്യ വിവാഹ മല്ലെങ്കിൽ മുൻ വിവാഹം ഒഴിവായതിന്റെ /വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം. | അനുമതി ലഭിച്ച് 15 ദിവസത്തിനകം | ഇല്ല |
| 34 | വിവാഹ സർട്ടിഫിക്കറ്റ്. 1955-ലെ ഹിന്ദു മാരേജ് ആക്ട് പ്രകാരം.) | 5 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിലുള്ള അപേക്ഷ. അപേക്ഷകന്റെ പേരിൽ വാങ്ങിയ 10 രൂപയിൽ കുറയാത്ത തുകക്കുള്ള മുദ്രപത്രം ഹാജരാ ക്കണം. | 7 പ്രവർത്തി ദിവസം | സർട്ടിഫിക്കറ്റിന് 10 രൂപ. |
| 35 | വിവാഹ രജിസ്ട്രേഷൻ (2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ (പൊതു) | അക്ഷയ കേന്ദ്രത്തിൽ ഓൺലൈനായി നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടം മതാചാര പ്രകാരമാണെങ്കിൽ /സാക്ഷ്യ പത്രം, വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷിക ളുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖകളും, മാതാ പിതാക്കളുടെ പേര് തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമ പഞ്ചായത്തിൽ അപേക്ഷിക്കണം. | വിവാഹം നടന്ന തിയ്യതി മുതൽ 45 ദിവസത്തിനകം മെമ്മോറാണ്ടം നൽകണം. 45 ദിവസത്തിന് ശേഷം 5 വർഷംവരെ മുൻ പറഞ്ഞ രേഖ കൾക്കൊപ്പം വിവാ ഹം നടന്നത് സംബന്ധിച്ച് രജിസ്ട്രാർക്ക് ബോധ്യമാകുന്ന തെളിവ് അല്ലെങ്കിൽ ഫോറം നമ്പർ 2-ൽ ഉള്ള സാക്ഷ്യപത്രവും MP/MLA/പഞ്ചായത്ത് അംഗം/ ഗസറ്റഡ് ഓഫീസർ നൽകിയ സാക്ഷ്യ പത്രം) അഞ്ചു വർഷത്തിന് ശേഷം രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കുള്ള അപേക്ഷയും ഉണ്ടായി രിക്കണം.അനുമതി ലഭിച്ച് 7(2) പ്രവർത്തി ദിവസം. | രജിസ്ട്രേഷൻ 100 രൂപ, (SC, ST, BPL എന്നിവർക്ക് 10 രൂപ) സർട്ടിഫിക്കറ്റ് ഫീ 20 രൂപ. 45 ദിവസത്തിന് ശേഷം 5 വർഷം വരെ പിഴയായി 100 രൂപ 5 വർഷത്തിന് ശേഷം പിഴയായി 250 രൂപ. (അനുമതി ലഭിച്ചതിന് ശേഷം) (സേവനം ലഭ്യമാകുന്ന സമയപരിധി 7 ദിവസം |

| ക്രമ നമ്പർ | പദ്ധതികൾ | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി |
|---|---|---|---|
| 36. | ഇന്ദിരാഗന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ. (പ്രതിമാസം 1600 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 എണ്ണം പ്രായം തെളിയിക്കുന്നതിനുള്ള രേഖ /മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ പകർപ്പ്, ഐഡന്റിറ്റി കാർഡിന്റെ പകർപ്പ്. 60 വയസ്സിന് മുകളിൽ പ്രായം. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. 3 വർഷമായി കേരളത്തിൽ താമസിക്കുന്നവരായിരിക്കണം. വൃദ്ധസദനത്തിലോ ശരണാലയത്തിലോ, അന്തേവാസിയായിരിക്കരുത്, യാചകവൃത്തി തൊഴിൽ സ്വീകരിച്ച വരാകരുത്. ബി.പി എൽ കുടുംബത്തിൽ അംഗമായിരിക്കണം. വാർഷിക വരുമാനം 1 ലക്ഷത്തിൽ കവിയരുത്. | ആധാർ കാർഡ് നിർബന്ധം<br>45 ദിവസം |
| 37. | അഗതി പെൻഷൻ (വിധവകൾക്ക്)<br>(പ്രതിമാസം 1600 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 എണ്ണം റേഷൻ കാർഡിന്റെ പകർപ്പ്, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് 2 പകർപ്പ് .7 വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ലാത്തവർ അത് സംബന്ധിച്ച രേഖ ഹാജരാക്കണം. ഐഡന്റിറ്റി കാർഡിന്റെ കോപ്പി. കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 100000 രൂപയിൽ കവിയരുത്. മറ്റു പെൻഷനുകൾ വാങ്ങുന്നവരായിരിക്കരുത്. 2 വർഷമായി കേരളത്തിൽ താമസിക്കുന്നവരായിരിക്കണം. യാചക വൃത്തി തൊഴിൽ സ്വീകരിച്ചവരാകരുത്. | 45 ദിവസം |
| 38. | വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ച വർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ) (പ്രതിമാസം 1600 രൂപ) (80 % കൂടുതൽ 1600 ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 എണ്ണം അംഗവൈകല്യം തെളിയിക്കുന്ന രേഖകൾ റേഷൻകാർഡിന്റെ പകർപ്പുകൾ, ഐഡന്റിറ്റികാർഡിന്റെ പകർപ്പ്. കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്. | 45 ദിവസം |
| 39. | കർഷകതൊഴിലാളി പെൻഷൻ.<br>(പ്രതിമാസം 1600 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 എണ്ണം / റേഷൻകാർഡിന്റെ പകർപ്പ്, ഐഡന്റിറ്റി കാർഡിന്റെ പകർപ്പ്, ഭൂസ്വത്തിൻരെ വിവരങ്ങൾ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യ പത്രം. പ്രായംതെളുയിക്കുന്നതിനുള്ള രേഖ. (ജനനസർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ്/പാസ് പോർട്ട് /ആധാർ ) 10 വർഷമായി കേരളത്തിൽ താമസിക്കുന്നവരായിരിക്കണം. 60 വയസ്സ് തികഞ്ഞിരിക്കണം. കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 100000 രൂപയിൽ കവിയരുത്. | 45 ദിവസം |
| 40. | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ (പ്രതിമാസം 1600രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 എണ്ണം പ്രായം, വരുമാനം, വിവാഹിതയല്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, ഐഡന്റിറ്റി കാർഡ് എന്നിവയുടെ പകർപ്പുകൾ. വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്. സംസ്ഥാനത്ത് സ്ഥിര താമസമായിരിക്കണം | 45 ദിവസം |

NB: പെൻഷൻ വിതരണത്തിന്റെ നിലവിലെ അവസ്ഥ welfarepension.lsgkerala.gov.in വെബ്സൈറ്റിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| ക്രമ നമ്പർ | പദ്ധതികൾ | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി |
|---|---|---|---|
| 41 | തൊഴിൽരഹിത വേതനം. (പ്രതിമാസം 120 രൂപ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 പകർപ്പുകൾ ,എസ്.എസ്.എൽ.സി ബുക്ക്, എംപ്ലോയിമെന്റ് കാർഡ്, റേഷൻ കാർഡ്, ഐഡന്റിറ്റി കാർഡ് എന്നിവയുടെ പകർപ്പുകൾ, ടി.സി എന്നിവ ഹാജരാക്കണം. എസ്.എസ്.എൽ സിയോ തതുല്യമായ പരീക്ഷയോ പാസാകണം (വികലാംഗർ, എസ്.സി, എസ്.ടി എന്നിവർക്ക് എസ്.എസ്.എൽ.സി തോറ്റാലും അപേക്ഷിക്കാം. (നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷമാത്രം എഴുതി തോറ്റവർക്ക് ബാധകമല്ല.) വാർഷിക വരുമാനം 12000 രൂപയിൽ കവിയരുത്. അപേക്ഷകന് സ്വന്തമായി 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനം ഉണ്ടായിരിക്കരുത്. രജിസ്ട്രേഷൻ യഥാകാലം പുതുക്കിയിരിക്കണം. 18 വയസ്സിന് ശേഷം തുടർച്ചയായി 3 വർഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. അംഗവൈകല്യമുള്ളവർക്ക് 2 വർഷം) 35 വയസ്സ് കഴിയരുത്.വിദ്യാർത്ഥിയായിരിക്കരുത്. അപേക്ഷിക്കുന്നതിനു തൊട്ടുമുമ്പുള്ള 3 വർഷത്തിനുള്ളിൽ ഒരു വർഷമോ അതിൽ കൂടുതലോ കാലയളവിൽ തുടർച്ചയായി ജോലിയുണ്ടായിരുന്നാൽ അർഹതയുണ്ടാവില്ല. തൊഴിലുറപ്പ് പദ്ധതി പ്രകാരം വേതനം കൈപ്പറ്റുന്നവർ, മറ്റു സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയുള്ളവർ എന്നിവർ അർഹരല്ല. | |
| 42. | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹത്തിനുള്ള ധന സഹായം. (30000) രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ 2 പകർപ്പുകൾ വിവാഹത്തിന് 30 ദിവസം മുമ്പ് നൽകണം. (അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വരന്റെ സാക്ഷ്യ പത്രം, റേഷൻ കാർഡിന്റെ പകർപ്പ് തുടങ്ങിയവ സഹിതം) വാർഷിക വരുമാനം 50000 രൂപയിൽ കവിയരുത്. 3 വർഷമായി കേരളത്തിൽ താമസിക്കുന്നവരായിരിക്കണം. പെൺകുട്ടികളുടെ പേരിലുള്ള വസ്തു, ആഭരണം, പണം മുതലായവ 50000/- രൂപയിൽ കവിയാൻ പാടില്ല. വരുമാന സർട്ടിഫിക്കറ്റ് | |
| 43. | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | നിശ്ചിത ഫോറത്തിൽ അപേക്ഷ, പാസ്പോർട്ട് സൈസിലുള്ള 3 ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കണം. | തൊഴിൽ കാർഡ് ലഭിച്ചു കഴിഞ്ഞാൽ തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകും. തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിൽ രഹിത വേതനത്തിന് അർഹതയുണ്ടായിരിക്കും. |

# കൃഷിഭവൻ സ്ഥിതിചെയ്യുന്ന സ്ഥലം-ചോക്കാട്

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | സേവനം | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1. | കാർഷികോപദേശങ്ങൾ | സാങ്കേതികമായ പ്രശ്ന പരിഹാരത്തിനുള്ള കൃഷി സ്ഥല സന്ദർഷനം | 5 ദിവസം | |
| 2. | കാർഷികോപദേശങ്ങൾ | രൂക്ഷമായി പൊട്ടിപുറപ്പെടുന്ന കീടരോഗാക്രമണത്തിനുള്ള ഉപദേശ സേവനം | 6 മണിക്കൂർ | |
| 3. | കാർഷികോപദേശങ്ങൾ | സാങ്കേതികമായ ഉപദേശത്തിന് കൃഷിഭവൻ സന്ദർഷിക്കുന്ന കഷകർക്കുള്ള സേവനം | 2 മണിക്കൂർ | |
| 4. | കാർഷിക സഹായ സേവനങ്ങൾ | ആത്മ പദ്ധതി മുഖേന എല്ലാ ജില്ലകളിലും / ലീഡ്സ് പദ്ധതി മുഖേന തിരഞ്ഞെടുത്ത ജില്ലകളിലും കർഷകർക്ക് സാങ്കേതിക ഉപദേഷം | അടിയന്തര ഘട്ടത്തിൽ കർഷകർ ആവശ്യപ്പെട്ട 48 മണിക്കൂറിനുള്ളിലും മാസത്തിലൊരിക്കലുള്ള സ്ഥിരമായ സന്ദർഷന വേളയിലും | |
| 5. | കാർഷിക സഹായ സേവനങ്ങൾ | കസ്റ്റം - ഹയറിംഗ് സെന്ററിംഗ് മുഖേന ലഭ്യമാവുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം | 3 ദിവസം | |
| 6. | കാർഷിക സഹായ സേവനങ്ങൾ | തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പുതുതായി സ്ഥാപിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന ലഭ്യമാവുന്ന കാർഷിക യന്ത്രങ്ങളുടെ സേവനം | 3 ദിവസം | |
| 7. | മണ്ണ് പരിശോധനാ ലാബുകൾ | കർഷകർ മണ്ണ് സാമ്പിളുകൾ നേരിട്ട് കൃഷിഭവനിൽ നൽകുമ്പോൾ | 30 ദിവസം | |
| 8. | മണ്ണ് പരിശോധനാ ലാബുകൾ | കർഷകർ മണ്ണ് സാമ്പിളുകൾ നേരിട്ട് പരിശോധനക്ക് മണ്ണ് പരിശോധനലാമ്പുകളിൽ നൽകുമ്പോൾ | 7 ദിവസം | |
| 9. | ഉത്പാദനോപാധികളുടെ ലഭ്യത | കൃഷി ഭവൻ മുഖേനയുള്ള വിത്ത് / നടീൽ വസ്തുക്കളുടെ വിതരണം/ വിറപവ് | കൃഷിഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം കൃഷിഭവനിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാക്കുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം) | |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | സേവനം | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 10 | ഉത്പാദനോപാധികളുടെ ലഭ്യത | കൃഷിവകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടം മുഖേന വിത്ത് നടീൽ വസ്തുക്കളുടെ വിൽപന | കൃഷിഭവനിലുള്ള ലഭ്യത അനുസരിച്ച് ഉടൻ സേവനം കൃഷി ഭവനിൽ ലഭ്യമല്ലെങ്കിൽ ആയത് ലഭ്യമാക്കുന്ന സ്ഥലം അന്വേഷിച്ച് വിവരം ലഭ്യമാക്കൽ (ഉടനടി മുതൽ 5 ദിവസം) | |
| 11 | ഉത്പാദനോപാധികളുടെ ലഭ്യത | വിത്ത് ഗുണമേൻമ പരിശോധനാ ( കൃഷിഭവൻ / വിത്ത് പരിശോദന ശാലയിൽ നൽകുന്ന സാമ്പിളുകൾ | 30 ദിവസം | |
| 12 | കർഷകർക്കുള്ള സഹായം | അനുമതി ലഭിച്ച പദ്ധതികൾ മുഖേന അർഹതപ്പെട്ട കർഷകർക്കുള്ള ധനസഹായം | കൃഷിഭവനിൽകർഷകർ ക്ലൈം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തിയ്യതിക്കു ശേഷം 30 ദിവസത്തിനകം | |
| 13 | കർഷകർക്കുള്ള സഹായം | ജലസേചന ആവശ്യത്തിന് അർഹതപ്പെട്ട കർഷകന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് | 5ദിവസം | |
| 14 | കർഷകർക്കുള്ള സഹായം | കൂട്ടു രാസവളം, ജീവാണുവളം എന്നിവയുടെ നിർമ്മാണ ലൈസൻസ് | 45 ദിവസം | |
| 15 | കർഷകർക്കുള്ള സഹായം | കൂട്ടു രാസവളം / ജീവാണുവളം /രാസവളം എന്നിവയുടെ ജില്ലാ മൊത്ത വിതരണത്തിനുള്ള ലൈസൻസ് | 30 ദിവസം | |
| 16 | കർഷകർക്കുള്ള സഹായം | കീടനാശിനി / ജൈവ കീടനാശിനി/ ബയോ കൺട്രോൾ ഏജന്റ് ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ലൈസൻസും മൊത്ത വിതരണത്തിനുള്ള ലൈസൻസും | 45 ദിവസം | |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | സേവനം | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 17 | കാർഷിക സഹായ സേവനങ്ങൾ | കീടനാശിനി / ജൈവ കീടനാശിനി/ ബയോ കൺട്രോൾ ഏജന്റ് ജൈവവളം എന്നിവയുടെ ജില്ലാതല വിതരണത്തിനുള്ള ലൈസൻസ് | 45 ദിവസം | |
| 18 | കാർഷിക സഹായ സേവനങ്ങൾ | സ്വകാര്യ നഴ്സറികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് | 45 ദിവസം | |
| 19 | കാർഷിക സഹായ സേവനങ്ങൾ | വിള ഇൻഷ്വുറൻസ് പോളിസി നൽകൽ | 30 ദിവസം | |
| 20 | കാർഷിക സഹായ സേവനങ്ങൾ | പ്രകൃതിക്ഷോഭ ദുരിദാശ്വാസം പ്രാഥമിക അന്വേഷണ റിപ്പോർട്ട് | 30 ദിവസം ( FIR 24 മണിക്കൂറിനുള്ളിൽ ) | |
| 21 | കാർഷിക സഹായ സേവനങ്ങൾ | കാർഷ്കോൽപന്നങ്ങളുടെ സംഭരണം വില, വിസ്തൃതി, കാർഷികോൽപന്നങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകൽ | 30 ദിവസം | |
| 22 | കാർഷിക സഹായ സേവനങ്ങൾ | പെൻഷൻ പദ്ധതി - കർഷക രജിസ്ട്രേഷൻ | 30 ദിവസം | |

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 2 | a. വാക്സിനേഷൻ സർട്ടിഫിക്കറ്റ് | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കുക. | അതേ ദിവസം | 15 രൂപ |
| | b.ആരോഗ്യ വിലനിർണ്ണയ സർട്ടിഫിക്കറ്റ് (ഇൻഷുറൻസിനുവേണ്ടി) | ഗുണഭോക്താക്കൾ ഇൻഷുറൻസ് പ്രീമിയം തുക നിർദ്ദേശാനുസരണം അടക്കണം. | 3 ദിവസത്തിനുകം | 50 രൂപ |
| | C. മരണ സർട്ടിഫിക്കറ്റ് | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കുക. | ആദ്യ റിപ്പോർട്ട് 3 ദിവസത്തിനുംഅന്തിമ റിപ്പോർട്ട് ലാബ് പരിശോധന ഫലം അറിഞ്ഞ ശേഷം | ഇല്ല |
| | d.പെർമനന്റ് ഡിസബിലിറ്റി സർട്ടിഫിക്കറ്റ്. ഇൻഷുറൻസിനുവേണ്ടി പ്രഥമ വിവര റിപ്പോർട്ട് | ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കുക. | അംഗപൂർണ്ണവൈകല്യം സ്ഥിരീകരിച്ച 3 ദിവസത്തിനകം | ഇല്ല |
| 3. | ചികിത്സാ സേവനം ലഭ്യമാക്കൽ (കൃത്രിമ ബീജധാനം ഉൾപ്പെടെ) | ഡ്യൂട്ടിസമയത്ത് മൃഗാശുപത്രിയിൽ സമീപിക്കുക. | സ്ഥാപനത്തിൽ കൊണ്ടുവന്നിട്ടുള്ള മൃഗങ്ങളാണെങ്കിൽ പരമാവധി 3 മണിക്കൂറിനകം | ഇല്ല |
| 4. | സർക്കാർ ഫാമുകൾ (കന്നുകാലി, കോഴി ഫാം) സന്ദർശിക്കുവാനോ ഉരുക്കളെ വാങ്ങുന്നതിനോ താൽപര്യമുള്ളവർക്കുള്ള സേവനം | ഉരുക്കളെ നൽകുന്ന ലഭ്യതയുടെ അടിസ്ഥാനത്തിലും ബുക്കിന്റെ ക്രമനമ്പർ അനുസരിച്ചും ആയിരിക്കും | 3 ദിവസത്തിനുള്ളിൽ മറുപടി ലഭ്യമാക്കും | ഇല്ല |
| 5. | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തൽ | പഞ്ചായത്ത് പദ്ധതി രൂപീകരണ സമയത്ത് ഗ്രാമസഭയിൽ അപേക്ഷ നൽകുക. | അംഗീകൃത ഗുണഭോക്തൃ പട്ടികയും ഫണ്ടും ലഭിച്ച് 3 ദിവസത്തിനകം | ഇല്ല |
| 6 | മൃഗസംരക്ഷണ മേഖലയിലെ വിവിധ കർഷക പരിശീലനങ്ങൾ | പരിശീലനം ആഗ്രഹിക്കുന്ന അപേക്ഷകൾ ഡിസ്പെൻസറി പ്രവൃത്തി സമയത്ത് അപേക്ഷ നൽകുക. | 15 ദിവസത്തിനുള്ളിൽ പരിശീലനത്തെ കുറിച്ചുള്ള വിവരം നൽകും | ഇല്ല |
| 7 | സംസ്ഥാന പദ്ധതി നിർവ്വഹണം ഗുണഭോക്തൃ അടിസ്ഥാനത്തിൽ | | അംഗീകൃത ഗുണഭോക്തൃ പട്ടികയുംഭരണാനുമതിയും ലഭിച്ച് 30 ദിവസത്തിനകം | ഇല്ല |
| 8 | പ്രകൃതി ദുരന്ത നിവാരണം അടിസ്ഥാനത്തിൽ | | പ്രഥമ പരിശോധന റിപ്പോർട്ട് 24 മണിക്കൂറിനകം | ഇല്ല |

# ചോക്കാട് പഞ്ചായത്തിലെ അംഗനവാടി നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം | അപേക്ഷിക്കേണ്ട വിധം | നിബന്ധനകൾ | ഫീസ് | നൽകേണ്ട ഫീസ് |
|---|---|---|---|---|---|
| 1. | അനുപൂരക പോഷകാഹാരം | അംഗനവാടിയിൽ രജിസ്റ്റർ ചെയ്യുക | ഗുണഭോക്താവ് | ഇല്ല | ഗർഭിണിയായതുമുതൽ 6 മാസം വരെയുള്ള സ്ത്രീകൾ 6വയസ്സു വരെയുള്ള കുട്ടികൾ |
| 2. | പ്രതിരോധ കുത്തിവെപ്പുകൾ | അംഗൻ വാടിയിൽ രജിസ്റ്റർ ചെയ്യുക. | അതേവാർഡിൽ താമസമുള്ളവനർ | ഇല്ല | ഗർഭിണിയായതു മുതൽ പ്രസവിച്ച് 6 മാസം വരെയുള്ള സ്ത്രീകൾ 6 വയസ്സു വരെയുള്ള കുട്ടികൾ |
| 3. | പ്രീ സ്കൂൾ വിദ്യാഭ്യാസം | അംഗൻ വാടിയിൽ രജിസ്റ്റർ ചെയ്യുക. | 3വയസ്സ്പൂർത്തി യായിരിക്കണം | ഇല്ല | 3 വയസ്സ് മുതൽ 6 വയസ്സ് വരെ |
| 4. | ആരോഗ്യ പരിശോധന | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക. | മാസത്തിലൊരി ക്കൽ | ഇല്ല | ഗർഭിണിയായതുമുതൽ പ്രസവിച്ച് 6 മാസം വരെയുള്ള സ്ത്രീകൾ, 6വയസ്സു വരെയുള്ള കുട്ടികൾ |
| 5. | ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം | അംഗൻ വാടിയിൽ രജിസ്റ്റർ ചെയ്യുക. | മാസത്തിലൊരി ക്കൽ | ഇല്ല | തിയ്യതി അംഗൻ വാടി നോട്ടീസ് ബോർഡിൽ പ്രദർ ശിപ്പിക്കുന്നതാണ്. |
| 6. | കുട്ടിയുടെതൂക്കം പരിസോ ധിക്കുന്നു. | അംഗൻ വാടിയിൽ രജിസ്റ്റർ ചെയ്യുക. | മാസത്തിലൊരി ക്കൽ | ഇല്ല | നിർദിഷ്ട ദിവസം അംഗൻവാടി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. |
| 7. | കൗമാരക്കാർക്ക് പോഷകാ ഹാര വിദ്യാഭ്യാസവും ശാക്തീ കരണ പരിപാലനവും, കൗൺ സിലിങ്ങും, ശുചിത്വം,പ്രതിരോ ധ കുത്തിവെപ്പ്, തുടങ്ങിയവയെ കുറിച്ചുള്ള വിവരം | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്യുക. | മാസത്തലൊരി ക്കൽ | ഇല്ല | 11-18 പ്രായത്തിലുള്ള പെൺകുട്ടികൾ (14 മുതൽ 18 വരെ ഉള്ളവർ) |
| 8 | PMMVY | പ്രത്യേക അപേക്ഷാ ഫോം | ഒന്നാമത്തെ ഗർഭം ആയിരിക്കണം | ഇല്ല | |

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
## പ്രവർത്തന മേഖല : ഗ്രാമപഞ്ചായത്ത് പ്രദേശം മുഴുവനും

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങളുടെ വിവരണം | ബ്ലോക്ക് ഓഫീസ് വഴി നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികൾ (ബ്ലോക്ക് പഞ്ചായത്തും, ഗ്രാമ പഞ്ചായത്തും തമ്മിൽ സംയോജിപ്പിക്കുന്ന പ്രവർത്തനം) | സേവനം ലഭ്യമാകുന്ന സമയ പരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | PMAY IAY ഭവന നിർമ്മാണ പദ്ധതി. | ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പ്രവർത്തന ഘട്ടങ്ങൾക്കനുസരിച്ച് സർട്ടിഫിക്കറ്റ് നൽകുന്നു. | അപേക്ഷ ലഭിച്ച് രണ്ട് ദിവസത്തിനുള്ളിൽ. | ഇല്ല |

## ആയുർവ്വേദ ഡിസ്പെൻസറി സ്ഥിതിചെയ്യുന്ന സ്ഥലം
## ഉദിരംപൊയിൽ

| | | | | |
|---|---|---|---|---|
| 1 | ഡോക്ടറുമാരുടെ സേവനം | രാവിലെ 9 മണി മുതൽ 2 മണി വരെ ചികിത്സാ സഹായം ലഭിക്കുന്നു. | തൽസമയം | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | അപേക്ഷകൻ ഡ്യൂട്ടിസമയത്ത് ഹാജരാകണം. | തൽസമയം | ഗവ: നിശ്ചയിക്കുന്ന ഫീസ് |
| 4 | ഏജ് സർട്ടിഫിക്കറ്റ് | അപേക്ഷകൻ റേഷൻ കാർഡ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ് ഇവയിലേതെങ്കിലും ഒന്ന് സഹിതം ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കണം. | തൽസമയം | ഇല്ല |
| 5 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ. | ഒപ്പ് സാക്ഷ്യപ്പെടുത്താൻ സാക്ഷ്യപ്പെടുത്തേണ്ട രേഖ സഹിതം ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കണം. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കണം. | തൽസമയം | ഇല്ല |

## ഹോമിയോ ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന സ്ഥലം – ചോക്കാട്

| | | | | |
|---|---|---|---|---|
| 1 | ഡോക്ടറുമാരുടെ സേവനം | രാവിലെ 9 മണി മുതൽ 2 മണി വരെ | തൽസമയം | ഇല്ല |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് ഫിറ്റ്നസ് | അപേക്ഷകൻ ഡ്യൂട്ടിസമയത്ത് നേരിട്ട് ഹാജരാകണം. | തൽസമയം | ഇല്ല |
| 3 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ. | ഒപ്പ് സാക്ഷ്യപ്പെടുത്താൻ സാക്ഷ്യപ്പെടുത്തേണ്ട രേഖ സഹിതം ഡ്യൂട്ടിസമയത്ത് ഡോക്ടറെ സമീപിക്കണം. പകർപ്പ് സാക്ഷ്യപ്പെടുത്താൻ അസ്സൽ സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കണം. | തൽസമയം | ഇല്ല |